പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2544

11/10/2011-ൽ മറുപടി
നല്കേണ്ടിയിരുന്നത്

## ദേവികുളം കച്ചേരി സെറ്റിൽമെന്റിൽ ഭൂമി നൽകുന്ന നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ദേവികുളം താലൂക്കിലെ സർവ്വെ നമ്പർ 912, ദേവികുളം കച്ചേരി സെറ്റിൽമെന്റ്, കുറ്റിയാർവാലി എന്നിവിടങ്ങളിൽ എത്രപേർക്കു വീതം അസൈൻമെന്റ് ഓർഡർ നൽകിയിട്ടുണ്ട്; ആയതിൽ പട്ടയം നൽകിയതെത്ര:എത്ര പേർക്ക് ഭൂമി കൈമാറ്റം ചെയ്തു നൽകിയിട്ടുണ്ട് ; | (എ) ദേവികളം കച്ചേരി സെറ്റിൽമെന്റ്, കുറ്റിയാർവാലി എന്നിവിടങ്ങളിൽ 3344 പേർക്ക് അസൈൻമെന്റ് ഓർഡർ നല്കിയിട്ടുണ്ട്. ആയതിൽ 2384 പേർക്ക് പട്ടയം നല്കി. ഇതിൽ 2054 പേർക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി നല്കിയിട്ടുണ്ട്. |
| (ബി) ശേഷിക്കുന്ന ആളുകൾക്ക് ഭൂമി നൽകുന്ന നടപടിക്ക് എന്തു തടസമാണുള്ളത് ; | (ബി) സർവ്വെ നം. 912, കച്ചേരി സെറ്റിൽമെന്റ് എന്നിവിടങ്ങളിൽ പ്ലോട്ടുതിരിച്ച് മറ്റുളളവയിൽ ഭൂരഹിതരായ മറ്റുളളവർ അനധികൃതമായി കൈവശം വച്ച് താമസിപ്പിച്ച് വരുന്നതിനാൽ ഇവരെ ഒഴിപ്പിച്ച ശേഷം മാത്രമേ പട്ടയം നല്കുന്നതിന് സാധിക്കുകയുളളു. |
| (സി) സർവ്വെ നമ്പർ 912, കച്ചേരി സെറ്റിൽമെന്റ് എന്നിവിടങ്ങളിലെ ഭൂമിവിതരണം ചെയ്യുന്നതിന് എന്തു നടപടി സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ? | (സി) സർവ്വെ നം. 912, കച്ചേരി സെറ്റിൽമെന്റ് എന്നിവിടങ്ങളിലെ ഭൂമിയിൽ നിന്നും പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തി പതിച്ച് നല്കുന്നതിനായി പ്ലോട്ടുതിരിച്ച ഭൂമിയിലെ അനധികൃത പ്രവേശനം ഒഴിപ്പിച്ച് അർഹരായവർക്ക് ഭൂമി പതിച്ച് നല്കുന്നതിന് നിയമാനുസരണം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ